## APPLICATION FOR EMPANELMENT OF VIDEO STRINGER

| | | | | |
|---|---|---|---|---|
| 1 | Name of the Applicant | | : | |
| 2 | Address for Communication | | : | |
| 3 | Contact Number | Land Line | : | |
| | | Mobile | : | |
| 4 | Email Address | | : | |
| 5 | Educational Qualifications | | | |
| | a) | Academic Qualification | : | |
| | b) | Technical Qualification | | |
| | | Cinematography | : | |
| | | Videography | : | |
| | | Broadcast Journalism | : | |
| | | Mass Communication | : | |
| | | Journalism | : | |
| | | | | |
| 6 | Experience in relevant field * | | | |
| 7 | i) | As a news cameraperson/videographer in terms of number of years/Institution/ area of Specialization | : | |
| | ii) | As a news person/Broadcast/ Journalist in terms of number of year/Institution area of Specialization * | : | |
| 8 | Equipments and Facilities owned | | | |
| | | HD Camera | : | |
| | | Model | : | |
| | | Make | : | |
| | | Microphone | : | |

| | | | |
|---|---|---|---|
| 9 | Accessories | | |
| | Tripod | : | |
| | Cordless Lapel Mic | : | |
| | Lights | : | |
| 10 | Facilities/equipments own for editing Uploading footages | | |
| | Hardware | : | |
| | Software | : | |
| 11 | District/s wish to be empanelled | : | |
| 12 | Permanent Account Number (PAN) | : | |
| 13 | AADHAR Number | : | |
| 14 | Whether own 4 wheeler | : | Yes/No |
| 15 | Any other information | : | |

* *The area of specialization (News Coverage's, sports, Feature Films, Short Films, Documentaries, Films on developmental subjects/Coverage's on Agricultural Videos, etc need to be clearly indicated)*

* *Documentary Evidence/Certificate to support the works undertaken (attach copies)*

**SIGNATURE**

## വീഡിയോ സ്ട്രിംഗർമാരുടെ പാനൽ രൂപീകരിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ

**യോഗ്യതയും പ്രവൃത്തിപരിചയവും**

1. ദൃശ്യമാധ്യമരംഗത്ത് വാർത്താ വിഭാഗത്തിൽ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം
2. വിദ്യാഭ്യാസ യോഗ്യത-:- പ്രീഡിഗ്രി/ പ്ലസ് ടു (അഭിലഷണീയം)
3. സ്വന്തമായി ഫുൾ എച്ച് ഡി പ്രൊഫഷണൽ ക്യാമറ ഉണ്ടായിരിക്കണം.
4. വിഷ്വൽ എഡിറ്റ് ചെയ്യുന്നതിനുള്ള സാങ്കേതിക അറിവ് ഉണ്ടായിരിക്കണം. ഏതെങ്കിലും പ്രൊഫഷണൽ എഡിറ്റ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത ലാപ്ടോപ്പ് സ്വന്തമായി ഉണ്ടായിരിക്കണം.
5. ദൃശ്യങ്ങൾ തൽസമയം നിശ്ചിത സെർവറിൽ അയക്കാനുള്ള സംവിധാനം ലാപ്ടോപ്പിൽ ഉണ്ടായിരിക്കണം.
6. സ്വന്തമായി ഡ്രൈവിംഗ് ലൈസൻസ് വേണം. സ്വന്തം നിലക്ക് വാഹനം ക്രമീകരിച്ച് കവറേജ് നടത്തണം.
7. എഡിറ്റ് സ്യൂട്ട്, കാലാനുസൃതമായ മറ്റ് ഇലക്ട്രോണിക് ന്യൂസ് ഗാതറിംഗ് സൗകര്യങ്ങൾ തുടങ്ങിയവ സ്വന്തമായി ഉള്ളത് പ്രത്യേക യോഗ്യതയായി കണക്കാക്കും.
8. പരിപാടി നടന്ന് അരമണിക്കൂറിനുള്ളിൽ വാട്സപ്പിൽ വീഡിയോ ലഭ്യമാക്കണം.
9. അപേക്ഷിക്കുന്ന ജില്ലയിൽ സ്ഥിരതാമസമുള്ള വ്യക്തിയാകണം.
10. ക്രിമിനൽ കേസുകളിൽപെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുള്ളവരാകരുത്.

**അപേക്ഷിക്കേണ്ട രീതി**

അപേക്ഷ നിശ്ചിത ഫോറത്തിൽ അവസാന തീയതിക്ക് മുമ്പ് അതാത് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ലഭിക്കണം. അപേക്ഷാ ഫോറം ജില്ലാ ഇൻഫർമേഷൻ ഓഫീസിലോ www.prd.kerala.gov.in എന്ന വെബ്സൈറ്റിലോ ലഭിക്കും. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം.

അപേക്ഷ ക്ഷണിച്ചു കൊണ്ട് അറിയിപ്പ് നൽകുന്ന തിയതി: 04/11/2020
അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 20/11/2020
അപേക്ഷകളുടെ സൂക്ഷ്മ പരിശോധന, അഭിമുഖം, ഉപകരണങ്ങളുടെ പരിശോധന, ടെസ്റ്റ് കവറേജ് എന്നിവ: 2020 ഡിസംബർ 15നകം
അന്തിമ പട്ടിക: 2020 ഡിസംബർ 31നകം

**കവറേജിന് ആവശ്യമുള്ളത്**

ഓരോ കവറേജിലും റഷസ്, എഡിറ്റ് ചെയ്ത ഫൂട്ടേജ് എന്നിവ ഉണ്ടായിരിക്കണം. സെർവറിൽ അയക്കുന്നത് പരമാവധി മൂന്ന് മിനിട്ട് ദൈർഘ്യമുള്ള എഡിറ്റ് ചെയ്ത വിഷ്വലുകളായിരിക്കണം. ഷൂട്ട് ചെയ്യുന്ന വിഷ്വലുകളുടെ ഉടമസ്ഥാവകാശം ഐ- പി.ആർ.ഡിക്കുള്ളതാണ്. വകുപ്പിലെ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന വീഡിയോ കവറേജ് കരാർ പ്രകാരം എടുത്ത് നൽകാൻ സ്ട്രിംഗർമാർ ബാധ്യസ്ഥരാണ്. ഷൂട്ട് ചെയ്ത റഷസ് ഡി.വി.ഡി/ പെൻ ഡ്രൈവ് എന്നിവയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നൽകേണ്ടതാണ്. പരിപാടി നടന്ന് അരമണിക്കൂറിനുള്ളിൽ വിഷ്വലുകൾ എഡിറ്റുചെയ്ത നല്കണം. സാമൂഹ്യമാധ്യമങ്ങളിൽ നല്കുന്നതിന് യോജിക്കുന്നവിധം എഡിറ്റുചെയ്ത വിഷ്വലുകൾ ലഭ്യമാക്കണം.

**കവറേജിനുള്ള നിരക്കുകൾ**

കവറേജിന് സ്ട്രിംഗർമാർക്ക് നൽകുന്ന നിരക്കുകൾ നിശ്ചയിക്കാനുള്ള പൂർണ അധികാരം ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

**സാധാരണ പ്രാദേശിക കവറേജ്**

പ്രാദേശികമായി ജില്ലാ ആസ്ഥാനത്തിന് 20 കിലോ മീറ്റർ ചുറ്റളവിലുള്ള കവറേജിന് 1,200 രൂപ ലഭിക്കും. ഫൂട്ടേജിന്റെ ദൈർഘ്യമോ ഉപയോഗമോ ഷൂട്ട് ചെയ്യാനെടുക്കുന്ന സമയമോ പരിഗണിക്കുന്നതല്ല. യാത്രാച്ചെലവ്, റഷസ്, എഡിറ്റ് ചെയ്ത ഫൂട്ടേജ് അപ്ലോഡ് ചെയ്യുക എന്നിവയ്ക്കുള്ള ചെലവ് ഉൾപ്പെടെയാണ് ഈ തുക നിശ്ചയിച്ചിരിക്കുന്നത്.

**ഔട്ട് സ്റ്റേഷൻ കവറേജ്**

ജില്ലാ ആസ്ഥാനത്തു നിന്നും ഇരുപത് കിലോ മീറ്ററിന് പുറത്തുള്ള കവറേജിന് യാത്രാച്ചെലവ് ഉൾപ്പെടെ 1,500 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. റഷസിന്റെ ദൈർഘ്യമോ ഫൂട്ടേജിന്റെ ഉപയോഗമോ ഷൂട്ട് ചെയ്യാനെടുക്കുന്ന സമയമോ പരിഗണിക്കുന്നതല്ല. ഔട്ട് സ്റ്റേഷൻ കവറേജുകൾക്ക് പരിപാടി നടക്കുന്നതിന്റെ ഏറ്റവും അടുത്തുള്ള പാനലിലെ സ്ട്രിംഗറുടെ സേവനം ഉപയോഗിക്കേണ്ടതാണ്.

**എക്സ്റ്റന്റ് കവറേജ്**

ജില്ലാ ആസ്ഥാനത്ത് നിന്നും പത്ത് കിലോ മീറ്റർ ചുറ്റളവിന് പുറത്ത് ആറ് മണിക്കൂറിലധികമുള്ള കവറേജ് രണ്ട്

കവറേജായി പരിഗണിക്കുകയും ആദ്യത്തേതിന് 1,200 രൂപയും രണ്ടാമത്തേതിന് 900 രൂപയും(ആദ്യ കവറേജ് നിരക്കിന്റെ 75 ശതമാനം) ചേർത്ത് 2,100 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്.

**ഫുൾ ഡോക്യുമെന്റേഷൻ**

പരിപാടികളുടെ ഫുൾ വീഡിയോ ഡോക്യുമെന്റേഷൻ ചെയ്യുന്നതിന് മണിക്കൂറിന് 2,000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ആവശ്യമായ സന്ദർഭങ്ങളിൽ രണ്ട് ക്യാമറ ഉപയോഗിച്ചും ഇതേ നിരക്കിൽ ഡോക്യുമെന്റേഷൻ ചെയ്യേണ്ടി വരും. സ്വിച്ചറുപയോഗിച്ച് രണ്ടിലധികം ക്യാമറകളിലൂടെ ഡോക്യുമെന്റേഷൻ ചെയ്യാൻ നിർദ്ദേശിക്കുന്ന പക്ഷം അത് ചെയ്യാൻ ബാധ്യസ്ഥമായിരിക്കും.

**തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം**

നിയമനത്തിനായി എല്ലാ ജില്ലകളിലും മൂന്നംഗ സമിതി രൂപീകരിക്കണം. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ടെലിവിഷൻ മാധ്യമ രംഗത്തെ വിദഗ്ദൻ(ബ്രോഡ്കാസ്റ്റ് ജേർണലിസ്റ്റ്/ ക്യാമറാമാൻ) എന്നിവർ അംഗങ്ങളായിരിക്കണം. സമിതി സ്ട്രിംഗർമാരുടെ പാനലിനായുള്ള അപേക്ഷകളുടെ പരിശോധനയും അപേക്ഷകരുടെ അഭിമുഖവും സംഘടിപ്പിച്ച് തിരഞ്ഞെടുപ്പ് നടത്തണം.
വിവിധ ഘട്ടങ്ങളിലായാണ് സ്ട്രിംഗർമാരുടെ തിരഞ്ഞെടുപ്പ് പ്രക്രിയ നടക്കുന്നത്

1. സമർപ്പിച്ചിട്ടുള്ള അപേക്ഷ ബന്ധപ്പെട്ട സമിതി സൂക്ഷ്മ പരിശോധന നടത്തിയാകും ചുരുക്കപ്പട്ടിക തയ്യാറാക്കുക. പ്രവൃത്തിപരിചയം, ജോലിക്കുള്ള ഉപകരണങ്ങൾ എന്നിവയൊക്കെ ഉണ്ടെന്ന് ബോധ്യമായ അപേക്ഷകൾ മാത്രം ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.
2.ഷോർട്ട് ലിസ്റ്റിലുള്ള അപേക്ഷകരെ കൊണ്ട് ടെസ്റ്റ് കവറേജ് നടത്തുക.
3.അഭിമുഖം
4. ക്യാമറ, ലാപ്ടോപ്പ്, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവയുടെ പരിശോധന
5 അന്തിമ ലിസ്റ്റ് പരമാവധി ഒരു ജില്ലയിൽ അഞ്ച് പേരെ പാനലിൽ ഉൾപ്പെടുത്തണമെങ്കിലും അന്തിമ ലിസ്റ്റിൽ അഞ്ചിൽ കൂടുതൽ പേരെ ഉൾക്കൊള്ളിക്കാവുന്നതാണ്. പാനലിൽ വരുന്ന ഒഴിവുകളിലേക്ക് ഈ ലിസ്റ്റിൽ നിന്നും സീനിയോറിട്ടി ക്രമത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

സ്ട്രിംഗർമാരെ തിരഞ്ഞെടുക്കുന്നതിന് പ്രധാനമായും പരിഗണിക്കേണ്ടത് ന്യൂസ് കവറേജിലുള്ള പ്രവൃത്തി പരിചയമാണ്. അപേക്ഷകന് സ്വന്തമായുള്ള ക്യാമറ, മറ്റ് ഉപകരണങ്ങൾ, വാഹനം, എഡിറ്റിങ് പ്രാവീണ്യം, ഫോൺ, ഇന്റർനെറ്റ് സൗകര്യം എന്നിവയും പരിശോധിക്കപ്പെടണം. അന്തിമ ലിസ്റ്റ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും പാനലിൽ ഉൾപ്പെടുത്തിയിട്ടുള്ളവരെ നേരിട്ട് അറിയിക്കേണ്ടതുമാണ്.

പാനലിൽ ഉൾപ്പെട്ടിട്ടുള്ള സ്ട്രിംഗർമാർ അതാത് ജില്ലാ ഇൻഫർമേഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. കരാറിന്റെ മാതൃക www.prd.kerala.gov.in സൈറ്റിൽ ലഭ്യമാകും. നിലവിലുള്ള പാനലിലെ സ്ട്രിംഗർമാരും ഈ മാർഗനിർദ്ദേശങ്ങൾ പ്രകാരം അപേക്ഷിക്കേണ്ടതാണ്.

**സ്ട്രിംഗർമാരുടെ എണ്ണം, കാലാവധി**

ഒരു ജില്ലയിൽ ഏറ്റവും കുറഞ്ഞത് രണ്ടുപേരെയോ പരമാവധി അഞ്ച് പേരെയോ ഉൾപ്പെടുത്തി വേണം പാനൽ രൂപീകരിക്കാൻ. ഈ പ്രക്രിയ പ്രകാരം തിരഞ്ഞെടുക്കുന്ന സ്ട്രിംഗർമാരുടെ പാനലിന്റെയും ലിസ്റ്റിന്റെയും കാലാവധി രണ്ട് വർഷമോ പുതിയ പാനൽ നിലവിൽ വരുന്നത് വരെയോ ആയിരിക്കണം. അടുത്ത പാനൽ രൂപീകരിക്കാനുള്ള നടപടി നിലവിലുള്ള രണ്ടു വർഷം തീരാൻ ഒരു മാസം ശേഷിക്കവേ ആരംഭിക്കേണ്ടതാണ്. എന്നാൽ രണ്ടു വർഷ കാലാവധിക്ക് മുൻപ് ആവശ്യമെങ്കിൽ പുതിയ പാനൽ രൂപീകരിക്കാൻ ജ്ഞഉ ക്ക അവകാശം ഉണ്ടായിരിക്കും

പാനലിനുള്ള അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വാർത്ത ജില്ലയിൽ പത്രക്കുറിപ്പിലൂടെ വ്യാപകമായി പരസ്യം ചെയ്യണം. അപേക്ഷകർക്ക് കുറഞ്ഞത് രണ്ടു ആഴ്ചക്കാലം അപേക്ഷിക്കാനായി നൽകണം.
സ്ട്രിംഗർമാരുടെ പാനൽ രൂപീകരണം, തിരഞ്ഞെടുപ്പ്, അഭിമുഖം, സ്ട്രിംഗർമാരുടെ പ്രവർത്തനം എന്നിവയുടെ പൂർണ മേൽനോട്ടച്ചുമതല മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കായിരിക്കും.

**കരാർ**

പാനലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന സ്ട്രിംഗർമാർ ജില്ലാ ഇൻഫർമേഷൻ ഓഫീസറുമായി ഒരു വർഷത്തെ കരാറിൽ ഒപ്പുവയ്ക്കേണ്ടതാണ്. ചുവടെ പറയുന്ന കാരണങ്ങളാൽ കരാർ റദ്ദു ചെയ്യുന്നതിനുള്ള അധികാരം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ നിക്ഷിപ്തമാണ്.
1. രണ്ടിൽ കൂടുതൽ പ്രാവശ്യം ആവശ്യപ്പെട്ട കവറേജ് പ്രവൃത്തി ചെയ്യില്ലെങ്കിൽ
2. കവറേജ് ചെയ്ത് നൽകുന്ന വിഷ്വലുകൾ നിശ്ചിത ഗുണമേന്മ ഇല്ലാത്തതാണെങ്കിൽ
3. കവറേജ് കഴിഞ്ഞ് നിശ്ചിത സമയത്തിനുള്ളിൽ സെർവറിലേക്ക് എഡിറ്റ് ചെയ്ത വിഷ്വലുകൾ അപ്‌ലോഡ് ചെയ്യുന്നില്ലെങ്കിൽ

4. സ്റ്റിംഗർക്ക് നൽകുന്ന പ്രവൃത്തികൾ മറ്റുള്ളവർക്ക് സബ്കോൺട്രാക്ട് നൽകുകയാണെങ്കിൽ

5. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് വേണ്ടി എടുക്കുന്ന വിഷ്വലുകൾ വകുപ്പിന്റെ അനുമതിയില്ലാതെ മറ്റ് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുകയാണെങ്കിൽ

6. അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകൾ വാസ്തവ വിരുദ്ധമാണെന്ന് ബോധ്യപ്പെട്ടാൽ.

7. വകുപ്പിന്റെയോ സർക്കാരിന്റെയോ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ സ്റ്റിംഗർഷിപ്പ് ദുരുപയോഗം ചെയ്യുകയോ ചെയ്താൽ

സ്റ്റിംഗർമാരെ പാനലിൽ നിന്നും പുറത്താക്കുന്നതിനുള്ള അധികാരം മേഖലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ ശുപാർശ പ്രകാരമായിരിക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കുക.

**രജിസ്റ്റർ**

ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ സ്റ്റിംഗർമാരുടെ പ്രവർത്തനം സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.